(എ) കഴിഞ്ഞ ഒരു വർഷമായി ഇടുക്കി ജില്ലയിലെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകിയിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്കൂളുകളിൽ എത്ര അദ്ധ്യാപകരുടെ നിയമനത്തിനാണ് അംഗീകാരം നൽകുവാനുള്ളത്;

(സി) റിട്ടയർമെന്റ് വേക്കൻസിയിലേക്ക് നിയമനം നടത്തുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) മാനേജ്മെന്റ് സ്കൂളുകളിലെ നിയമനത്തിന് സർക്കാർ പ്രത്യേക കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആ കമ്മിറ്റിയിൽ ആരെല്ലാമാണ് ഉൾപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഉണ്ട്. ജി. ഒ. (പി) നമ്പർ 56/02/ഫിൻ. തീയതി 16-1-2002 പ്രകാരം സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയതിന് ശേഷമേ എല്ലാ ഒഴിവുകളിലും നിയമനം നടത്താൻ പാടുള്ളൂ.

(ഡി) ഇല്ല.

റാന്നിയിൽ ഡി. ഇ. ഒ. ഓഫീസ്

96 [5756] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും വലിയ താലൂക്കായ റാന്നിയിലെ വിവിധ സ്കൂളുകൾ പത്തനംതിട്ട ഡി. ഇ. ഒ. ഓഫീസിന് കീഴിലാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗവി, കൊച്ചുപമ്പ, പമ്പാവാലികിസുമം, ആങ്ങമൂഴി, വെച്ചൂച്ചിറ, കുരുമ്പൻമൂഴി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും പത്തനംതിട്ട ഡി. ഇ. ഒ. ഓഫീസിലേക്ക് വരാൻ എന്ത് ദൂരം വീതമാണുള്ളത്;

(സി) ഡി. ഇ. ഒ. ഓഫീസിൽ വന്ന് മടങ്ങിപ്പോകാൻ രണ്ടു ദിവസം വരെ വേണ്ടി വരുന്ന പ്രത്യേക സാഹചര്യം പരിഗണിച്ച് റാന്നിയിൽ ഒരു ഡി. ഇ. ഒ. ഓഫീസ് അനുവദിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഗവി, കൊച്ചുപമ്പ, പമ്പാവാലിക്കിസുമം, ആങ്ങമൂഴി, വെച്ചൂച്ചിറ, കുരുമ്പൻമൂഴി എന്നീ സ്ഥലങ്ങളിൽ നിന്നും പത്തനംതിട്ട ഡി. ഇ. ഒ. ഓഫീസിലേക്ക് വരുവാനുള്ള ദൂരം യഥാക്രമം 135, 127, 70, 75, 60, 70 കിലോമീറ്ററാണ്.

(സി) റാന്നി കേന്ദ്രമാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ യാതൊന്നും നിലവിലില്ല.

നിയമനനിരോധനം

97 [5757] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമനനിരോധനം സർക്കാർ പൂർണ്ണമായി പിൻവലിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എയ്ഡഡ് സ്കൂളുകളിലെ അഡീഷണൽ പോസ്റ്റുകൾക്ക് നിയമനാംഗീകാരം നൽകാൻ നടപടി എടുക്കുമോ;

(സി) 29-10-2001-ന് ശേഷമുള്ള അഡീഷണൽ പോസ്റ്റുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ എൽ. പി., യു. പി. അസിസ്റ്റന്റ് തസ്തികയിൽ 567 ഒഴിവുകൾ ഉണ്ടെങ്കിലും ഈ വർഷം വന്ന ഒഴിവുകളുടെ 65% ആയ 221 വേക്കൻസികളിൽ മാത്രം പി. എസ്. സി. നിയമനം നടത്തിയാൽ മതി എന്ന് തീരുമാനിച്ചതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) നിയമനങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ ഭാഗികമായി പിൻവലിച്ചിട്ടുണ്ട്.

(സി) സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി നടത്തിയിട്ടുള്ള നിയമനങ്ങൾ അംഗീകരിക്കാനാവില്ല.

(ഡി) 221 വേക്കൻസികൾ മാത്രം പി. എസ്. സി. വഴി നിയമനം നടത്തിയാൽ മതിയെന്ന് തീരുമാനിച്ചിട്ടില്ല.

അദ്ധ്യാപന പരിചയമുള്ള ഹൈസ്ക്കൂൾ അദ്ധ്യാപകരെ സീനിയർ അദ്ധ്യാപകരായി നിയമിക്കുവാൻ നടപടി

98 [5758] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly